

തൃശൂർ ജൂബിലി മിഷൻ നഴ്സിംഗ് കോളജിൽ നടത്തിയ ഏകദിന ദേശീയ ലൈബ്രറി ശില്പശാല ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്യുന്നു.

# ദേശീയ ലൈബ്രറി ശില്പശാല

**തൃശൂർ:** നഴ്സിംഗ് പഠനരംഗത്ത് ലൈബ്രറിയുടെ ആവശ്യകതയേയും സാധ്യതയേയും ആധുനിക സൗകര്യങ്ങളേയും കുറിച്ച് അറിവും സാങ്കേതിക ജ്ഞാനവും വളർത്തുന്നതിനായി തൃശൂർ ജൂബിലി മിഷൻ നഴ്സിംഗ് കോളജിൽ ഏകദിന ദേശീയ ലൈബ്രറി ശില്പശാല നടത്തി.

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോ. എ.ടി. ഫ്രാൻസിസ്, ഡോ. വിമൽകുമാർ, ഡോ. അസാരിയ ജബൽ കുമാർ, ജൂബിലി നഴ്സിംഗ് കോളജ് അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുകാരൻ, പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ജല ജ്ഞാനദുരൈ, സാൻജോ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു. ലൈബ്രേറിയന്മാരായ നിർമല, ടിന്റു ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

Deepika News :- 01.02.2023